ബസ് ബോഡി വ്യവസായികൾക്ക് വിൽപ്പന നികുതി ഒഴിവാക്കാൻ നടപടി

22 [3884] *ശ്രീ. ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ബോഡി വ്യവസായികൾക്ക് വിൽപ്പന നികുതി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) വിൽപ്പന നികുതി ഏർപ്പെടുത്തുമ്പോൾ വിൽപ്പന നികുതിക്ക് പരിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള പൊതു വില്പന നികുതി നിയമപ്രകാരം വാഹനങ്ങളിലെ ബോഡി നിർമ്മാണം നികുതി വിധേയമാണ്. ആയതിനാൽ ഇത്തരം വ്യവസായികൾക്ക് നികുതി ഒഴിവ് നൽകുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ബി) & (സി) വില്പന നികുതി നിയമത്തിലെ 1-ാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വാഹനങ്ങളിലെ ബോഡി നിർമ്മാണത്തിന് 12% നികുതിയും അതിനുമേൽ 15% അധിക നികുതിയുമാണ് ചുമത്തിയിട്ടുള്ളത്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുന്നതു പ്രമാണിച്ച് ഇതിന് പരിധി ഏർപ്പെടുത്താൻ ഇപ്പോൾ ഉദ്ദേശമില്ല.

ഖാദി ഉല്പന്നങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

23 [3885] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50 ലക്ഷം വരെ വിറ്റുവരവുള്ള ഖാദി ഉല്പന്നങ്ങളെ വില്പന നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി മുൻ ധനകാര്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയതിനെ തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഖാദിമേഖല നേരിടുന്ന പ്രതിസന്ധിക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിനായി ടി ഉല്പന്നങ്ങളെ വില്പന നികുതിയിൽ നിന്നും ഒഴിവാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 ലക്ഷം വരെ വിറ്റുവരവുള്ള ഖാദി ഉല്പന്നങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly